റാവുസാഹിബ് കെ. അയ്യപ്പൻ: കെട്ടിടം കെട്ടാൻ അനുവാദം ചോദിച്ചപ്പോൾ അതു മുൻസിപ്പാലിറ്റി കൊടുത്തിട്ടുണ്ടാകും. ഇതിനെ സംബന്ധിച്ചു പറയുകയിൽനിന്ന് കാണുന്നതു കക്കൂസു അവിടെ ഇരിക്കുന്നതുകൊണ്ടു യാതൊരു പരാതിയും ഉണ്ടായിട്ടില്ലായെന്നാണ്.

മിസ്റ്റർ പറമ്പി ജോസഫ്: പരിക്ഷാത്ഥമാണ് ചോദ്യങ്ങൾ ചോദിക്കുന്നതു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു മെമ്പന്മാർക്ക് അപമാനകരമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി കരുതുന്നുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഹൌസിന്റെ ബഹുമാനത്തിനുവേണ്ടി വാദിച്ചു കൊണ്ടിരുന്ന മഠാധിപതി, പെട്ടെന്ന്, ഹൌസിന്റെ ബഹുമാനം നിസ്സാരമായി കരുതും എന്നു വിചാരിക്കുന്നതു സങ്കടകരമാണ്. അങ്ങിനെ വിചാരിക്കാതിരിക്കണമെന്നാഗ്രഹിക്കുകയുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: കക്കൂസും, അടുക്കളയും അടുത്തിരിക്കുന്നതിനെ സംബന്ധിച്ചു പൊതുജനാരോഗ്യമന്ത്രിയുടെ അഭിപ്രായമെന്താണ്?

റാവുബഹദൂർ ടി. കെ. നായർ: ഇതു് പൊതുജനങ്ങളെ ബാധിക്കുന്ന കാര്യമാണോ, എന്നാണ് നോക്കേണ്ടതു്. പൊതുജനാരോഗ്യമന്ത്രിക്കു, രാത്രിയിൽ വീട്ടിനുള്ളിൽ കയറി ചെന്നു്, അവിടത്തെ അടുക്കളയുടെ സ്ഥിതിയെപ്പറ്റി അന്വേഷിക്കാൻ അധികാരമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: ഇതിനെ സംബന്ധിച്ചു് മന്ത്രിക്കു ഒരു ഉത്തരവാദിത്വവുമില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: ഉത്തരവാദിത്വമില്ലായെന്നു പറയുന്നില്ല.

മിസ്സിസ്സ്. ടി. ഫ്രാൻസിസ്സ്: ഇതു് വീട്ടിലെ അംഗങ്ങളുടെ ആരോഗ്യത്തെ ബാധിക്കും എന്നു വിചാരമില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: അവിടെ ഒരു കക്കൂസുണ്ടു് അതുകൊണ്ടു് അവർക്കു ഉപദ്രവമുണ്ടോയെന്നു് അറിഞ്ഞുകൂടാ. ഒരു സമയം അവർക്കു് സുഖമായിരിക്കണം. (ചിരി).

മിസ്റ്റർ പി. നാരായണമേനോൻ: ഈ കക്കൂസു ദുർഗ്ഗന്ധമില്ലാത്തവിധത്തിൽ നിർമ്മിക്കാൻ സാധ്യമല്ലേ?

റാവു സാഹിബ് കെ. അയ്യപ്പൻ: സെപ്റ്റിക് ടാങ്കാക്കിയാൽ ദുർഗ്ഗന്ധമുണ്ടാകയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: എല്ലാ പബ്ലിക്ക് കക്കൂസുകളും അത്തരത്തിൽ ആക്കുന്നതാ?

Mr. President: That question does not arise.

PERIOD OF APPOINTMENT OF THE REFORMS COMMISSIONER

5. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

റിഫോംമ്സ് കമ്മിഷണരുടെ ഉദ്യോഗകാലാവധി എത്ര കാലം?

റാവു സാഹിബ് എ. മാധവപ്രഭു:

ഫ ഫ ഡ കർക്കടകം അവസാനംവരെ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഫ ഫ ഡ കർക്കടകം അവസാനത്തിലെ ഈ ജോലി അവസാനിക്കുകയുള്ളു എന്നാണോ വിചാരിക്കുന്നതു?

റാവു സാഹിബ് എ. മാധവപ്രഭു: അതിനുമുമ്പു് ജോലി അവസാനിച്ചാൽ ഈ ഉദ്യോഗവും അവസാനിക്കും.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: അന്നത്തേക്ക് ഈ ജോലി അവസാനിക്കുമോ എന്നാണ് ചോദിക്കുന്നതു?

റാവു സാഹിബ് എ. മാധവപ്രഭു: തൽക്കാലം ഉദ്ദേശിക്കുന്നതു് ഇത്രമതിയെന്നാണ്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഐക്യകേരളത്തിന്റെ പ്രവർത്തനവും, റിഫോംമ്സ് കമ്മിഷണരുടെ ജോലിയിൽ പെട്ടതല്ലേ?

റാവു സാഹിബ് എ. മാധവപ്രഭു: വേണമെങ്കിൽ പെടുത്താമെന്നു മാത്രമേ ഉള്ളു.

LIBRARY ARCHIVES Kerala Legislative Assembly